# കുഞ്ഞാവ

# മാലാഖക്കുഞ്ഞ്

■ കെ.ടി. ബാബുരാജ്



ഞാനിന്ന് അങ്കണവാടിയിൽ പോവുന്നില്ല. അമ്മമ്മ പറഞ്ഞു. മേലൊക്കെ ഒരു വേദന. മനസ്സിനും ഒരു സുഖമില്ല.

ചിഞ്ചുവപ്പോൾ അമ്മമ്മയെ കെട്ടിപ്പിടിച്ചു. എന്നാൽ കുറച്ചുനേരം കൂടി കിടക്കാം അല്ലേ...

ചിഞ്ചു ചോദിച്ചു.

അതു പറ്റില്ല. പല്ലുതേക്കണം. കുളിക്ക

കാലിത്തീറ്റ, ജൈവവളം എന്നിവയുടെ നിർമാണത്തിന് ഉപയോഗിക്കുന്ന കടൽസസ്യം– ആൽഗകൾ

ണം. ചായ കുടിക്കണം... പിന്നെ അമ്മമ്മ മോൾക്കൊരു പുത്തനുടുപ്പ് കൊണ്ടുവന്നിട്ടുണ്ട്. ആ കുഞ്ഞാവ, മോൾക്കുവേണ്ടി തന്നതാ.

എനിക്കു വേണ്ട... ചിഞ്ചു പറഞ്ഞു. എന്നെ കാണാൻവരുമെന്ന് പറഞ്ഞിട്ട് കുഞ്ഞാവ വന്നില്ലല്ലോ. ജുഗുനുവും വന്നില്ല. ആയിഷയും ആതിരയും വന്നില്ല.

അമ്മമ്മ പായയിൽ എഴുന്നേറ്റിരുന്നു. ചിഞ്ചുവിനെ പിടിച്ച് മടിയിലിരുത്തി.

അത് മോളേ... ഇന്നലെ അവരെല്ലാം വരാനൊരുങ്ങിയതായിരുന്നു. അപ്പോഴാണ് ആ റഫീക്ക് മുറ്റത്ത് വീണത്. നെറ്റിപൊട്ടി ഒരുപാട് ചോരയും പോയി. ആശുപത്രീല് കൊണ്ടുപോകേണ്ടിവന്നു. എല്ലാവരും അതിന്റെ പിറകെ പോയി.

അയ്യോ... എന്നിറ്റ്... വലിയ മുറിവാണോ അമ്മമ്മേ... ചിഞ്ചു ചോദിച്ചു.

സാരമില്ലെന്നാ ഡോക്ടർ പറഞ്ഞത്.

അയ്യോ സങ്കടായല്ലോ... നല്ല വേദനയുണ്ടാവും അല്ലേ... എനിക്ക് റഫീക്കിനെ കാണണമെന്ന് തോന്നുന്നു.

അമ്മമ്മ അവളുടെ നെറ്റിയിലും മുടിയിലുമൊക്കെ തലോടി.

ചിഞ്ചു പല്ലുതേച്ചു.

അമ്മമ്മ അവളെ ചൂടുവെള്ളത്തിൽ കുളിപ്പിച്ചു. പുതിയ ഉടുപ്പിടുവിച്ചു. ചിഞ്ചു അപ്പോൾ കൂടുതൽ സുന്ദരിയായി. കൺമഷിയിട്ടുകൊടുക്കുന്നതിനിടയിൽ അമ്മമ്മ പറഞ്ഞു: ഒരുവിധം പറ്റുമായിരുന്നെങ്കില് അമ്മമ്മ അങ്കണവാടിയിലേക്ക് മോളെക്കൂടി കൂട്ടുമായിരുന്നു. മോളെയെടുത്ത് നടക്കാൻ അമ്മമ്മയ്ക്ക് ഒട്ടും വയ്യാഞ്ഞിട്ടല്ലേ...

അത് സാരമില്ല... എനിക്കിവിടെ കളിക്കാൻ വാലാട്ടിപ്പക്ഷിയുണ്ടല്ലോ.

പെട്ടെന്ന് ജാലകത്തിനരികിൽ ഒച്ച കേട്ടു.

ചിഞ്ചു അമ്മമ്മയുടെ മടിയിൽനിന്നും ഇറങ്ങി ജാലകത്തിനടുത്തേക്ക് ഇഴഞ്ഞു.

ഇന്ന് നീ രാവിലെത്തന്നെ വന്നല്ലോ...

മ്ഉം... വാലാട്ടിപ്പക്ഷി വാലിളക്കി ഒച്ചവെച്ചു.

പോയിട്ടു പിന്നെ ഇന്നലെ നിന്നെ കണ്ടില്ലല്ലോ...

വാലാട്ടിപ്പക്ഷി സന്തോഷത്തോടെ പിന്നെയും വാലിളക്കി ഒച്ചവെച്ചു. അതു പിന്നെ അവർ പറക്കാൻ തുടങ്ങി. ഞാനും അവർക്കൊപ്പം പറന്നു.

അതേയോ... ഹായ്... ചിഞ്ചു കൈകൊട്ടി ചിരിച്ചു. അവരെയൊന്ന് എന്റരികിൽ കൊണ്ടുവരണേ...

കൊണ്ടുവരും... കൊണ്ടുവരും... വാലാട്ടിപ്പക്ഷി പറഞ്ഞു.

ഇന്നലെ നിന്നെ കാണാൻ ആരും വന്നില്ലേ...

ഇല്ല... വന്നില്ല... വരുമായിരിക്കും. അതു പറയുമ്പോൾ ചിഞ്ചുവിന്റെ മുഖം സങ്കടം കൊണ്ട് ഇരുണ്ടു.

ചിഞ്ചുവിനെ അമ്മമ്മ ചായ കുടിക്കാൻ വിളിച്ചു.

ഞാൻ ചായ കുടിച്ച് വരട്ടെ. ഇന്ന് ഉപ്പുമാവാണ്. നിനക്കിഷ്ടമല്ലേ ഉപ്പുമാവ്! കൊണ്ടുത്തരാമേ... എന്നുപറഞ്ഞ് ചിഞ്ചു അമ്മമ്മക്കരികിലേക്ക് പോയി.

ചായ കുടി കഴിഞ്ഞപ്പോൾ അമ്മമ്മ ചിഞ്ചുവിനെയുമെടുത്ത് മുറ്റത്തിറങ്ങി. രണ്ടുകൈ കൊണ്ടും ചുമലിൽ പിടിച്ച് അവളെ പതുക്കെ നടത്താൻ ശ്രമിച്ചു. കുറച്ചു നടന്നപ്പോൾ തന്നെ അവൾക്ക് കാലുകൾ വേദനിക്കാൻ തുടങ്ങി.

മതിയമ്മമ്മേ... കാലു വേദനിക്കുന്നു. ചിഞ്ചു പറഞ്ഞു.

നടത്തം മതിയാക്കി അവർ കോലായിൽ വന്നിരുന്നു. അമ്മമ്മയുടെ മടിയിലിരുന്ന് ചിഞ്ചു അമ്മമ്മയുടെ മുഖത്തേക്കുതന്നെ നോക്കി. അപ്പോൾ അമ്മമ്മ അവൾക്കൊരു കഥ പറഞ്ഞുകൊടുത്തു. ജനിച്ചപ്പോൾ തന്നെ കൈയും കാലുമില്ലാത്ത ഒരു പെൺകുട്ടിയുടെ കഥ. അവൾ സങ്കടത്തോടെ എന്നും ദൈവത്തെ വിളിച്ചു കരയും. ഒരുദിവസം ഒരു കുഞ്ഞുമാലാഖ അവളുടെ മുന്നിൽ വന്നു. മാലാഖ അവൾക്ക് രണ്ട് ചിറകുകൾ നൽകി. കാലുകളും നൽകി. ചിറകുകൾ വിരിച്ച് കുഞ്ഞുമാലാഖക്കൊപ്പം അവൾ ആകാശത്തിലൂടെ ദൈവത്തിന്റെ അരികിലേക്ക് പറന്നു.

ചിഞ്ചു കണ്ണടച്ച് അപ്പോൾ ആ കാഴ്ച കാണുകയായിരുന്നു. തനിക്കും ചിറകുകൾ മുളക്കുന്നു. ആകാശത്തിലൂടെ പറക്കുന്നു. വാലാട്ടിപ്പക്ഷികളും അതിന്റെ കുഞ്ഞുങ്ങളും തനിക്കൊപ്പം പറക്കുന്നു.

ഹായ്... ഹായ്... ചിഞ്ചു കൈകൊട്ടി ചിരിച്ചു.

എന്തു രസം...!

*(തുടരും)*

ഇന്ത്യ ആദ്യമായി ബഹിരാകാശത്ത് സ്ഥാപിച്ച വാനനിരീക്ഷണ കേന്ദ്രം – അസ്ട്രോസാറ്റ്